# ആമുഖം

ഭരണഘടനയുടെ 151-ാം അനുച്ഛേദപ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണ്ണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2017 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

കേരള സർക്കാരിന്റെ ആയുഷ്, ആരോഗ്യ കുടുംബക്ഷേമം, ഉന്നത വിദ്യാഭ്യാസം, ആഭ്യന്തരവും വിജിലൻസും, തദ്ദേശ സ്വയംഭരണം, തൊഴിൽ നൈപുണ്യം, പൊതുമരാമത്ത്, സാമൂഹ്യ നീതി, ജലവിഭവം എന്നിവ ഉൾപ്പെടുന്ന ജനറൽ, സോഷ്യൽ സർവീസുകളിലുള്ള വകുപ്പുകളിലും, സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെയും, അനുവർത്തന ഓഡിറ്റിന്റെയും പ്രധാനപ്പെട്ട ഫലങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2016-17 കാലയളവിൽ, ടെസ്റ്റ് ഓഡിറ്റിനിടയിൽ ശ്രദ്ധിക്കപ്പെട്ടവയും, മുൻവർഷങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതും എന്നാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്യാൻ പറ്റാതെ പോയതുമായ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. 2016-17-ന് ശേഷമുള്ള കാലയളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഇറക്കിയിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.